
Volume - 17
Issue - 32
12 February 2017

# എമ്മാവൂസ് വചനദൂത്

ദനഹാക്കാലം ആറാം ഞായർ യോഹ 3:21-31



## നീ വളരുവാൻ ഞാൻ കുറയുന്നു

- ബ്ര. ജോസഫ് ആനത്താനം

'പ്രാർത്ഥിക്കുന്ന കരങ്ങൾ' എന്ന പേരിൽ പ്രസിദ്ധമായ ഒരു ചിത്രമുണ്ട്. തന്റെ ജീവിതസാക്ഷാത്കാരത്തിനു വേണ്ടി സ്വന്തം സ്വപ്നങ്ങളെ ബലികഴിച്ച തന്റെ ജ്യേഷ്ഠനു അനുജൻ നൽകുന്ന ആദരവാണ് കഥയുടെ ഇതിവൃത്തം.

ഒരു കുടുംബത്തിലെ രണ്ടു മക്കൾ, പട്ടിണി നിറഞ്ഞ ജീവിതം. കഠിനാദ്ധ്വാനം ചെയ്തിട്ടും വീട്ടിലെ അടുപ്പ് പുകയുവാനോ കുടുംബം പുലർത്തുവാനോ അവർക്കാകുന്നുമില്ല. എന്നാൽ ചിത്രം വരയ്ക്കുവാനുള്ള വരം ദൈവം അതിൽ നിക്ഷേപിച്ചു. ആകയാൽ അവർക്കൊരു ആഗ്രഹം. അടുത്തുള്ള പട്ടണത്തിൽ പോയി ചിത്ര രചന പഠിക്കണം. അറിയപ്പെടുന്ന ചിത്രകാരനാകണം. നീണ്ട സംസാരത്തിനൊടുവിൽ അവർ ഒരു തീരുമാനത്തിലെത്തുകയാണ്. ഒരാൾ പഠിക്കുമ്പോൾ മറ്റെയാൾ അധ്വാനിച്ച് പഠനച്ചിലവ് കണ്ടെത്തണം. പഠനം കഴിയുമ്പോൾ ചിത്രം വരച്ചു കിട്ടുന്ന പണംകൊണ്ട് മറ്റെയാൾക്ക് പഠനം തുടങ്ങാം. നീണ്ട നേരത്തെ പ്രാർത്ഥനയ്ക്കുശേഷം ദേവാലയത്തിന്റെ മുൻപിൽ വച്ച് ആരാദ്യം പോകണമെന്നറിയാൻ ടോസ്സിടുകയാണ്. ടോസ്സു വീണത് അനുജന്. അവൻ പട്ടണത്തിലേക്ക് പഠനത്തിനായി വണ്ടികയറിയപ്പോൾ ജ്യേഷ്ഠൻ സമീപത്തെ ഖനിയിലെ തൊഴിലാളിയായി. കുറച്ചു വർഷത്തെ നിതാന്ത പരിശ്രമത്തിനൊടുവിൽ അനുജൻ അറിയപ്പെടുന്ന ചിത്രകാരനായി വീട്ടിലെത്തുകയാണ്. ജ്യേഷ്ഠന്റെ അരികിൽ അവൻ അണഞ്ഞിട്ടു പറഞ്ഞു. "ഇനി

നിന്റെ സമയമാണ്, പഠനത്തിനായി പട്ടണത്തിലേക്ക് പോവുക." അപ്പോൾ ജ്യേഷ്ഠൻ തന്റെ കരമുയർത്തി അനുജനെ കാണിക്കുകയാണ്. ചതഞ്ഞതും ഒടിഞ്ഞതുമായ വിരലുകൾ വിറയ്ക്കുന്ന കരങ്ങൾ. ഒപ്പം ചങ്കു തകർന്ന ശബ്ദം. "ഈ കരങ്ങൾക്കിനി ചിത്രം വരയ്ക്കാനാവില്ല."

അന്നുരാത്രി മുഴുവൻ ജ്യേഷ്ഠന്റെ ത്യോഗമോർത്ത് അനുജൻ കരയുകയാണ്. കരഞ്ഞു കരഞ്ഞ് വിങ്ങിയ മിഴികളുമായി ആ രാത്രിയുടെ നിശബ്ദതയിൽ തന്റെ ജ്യേഷ്ഠന്റെ ത്യാഗത്തിനുള്ള വാഴ്ത്തലിനായി അവനൊരു ചിത്രം വരച്ചു. ഒടിഞ്ഞതും ചതഞ്ഞതുമായ പ്രാർത്ഥിക്കുന്ന കരങ്ങൾ.

പ്രിയമുള്ളവരേ, നമ്മുടെ ജീവിതമെന്നത് കടപ്പാടിന്റെ കണക്കുപുസ്തകമാണ്. എത്രയോ പേരിൽ നിന്ന് എത്രയധികം സ്വീകരിച്ചിട്ടാണ് നാമിതുവരെ രൂപപ്പെട്ടത്. അമ്മയുടെ കയ്യിലെ കരി, അപ്പന്റെ കയ്യിലെ തഴമ്പ്, കൂടപ്പിറപ്പിന്റെ കൂട്ട്, വിദ്യപകർന്ന ഗുരുഭൂതരുടെ അധ്വാനം. എന്തിനേറെപ്പറയുന്നു, നീയിന്നലെ ആഹരിച്ച ഓരോ അരിയിലും നിനക്കുവേണ്ടി പാടത്ത് വിയർത്ത കർഷകന്റെ കരുതലുണ്ട്. ഇതാണ് കുറയലിന്റെ ആത്മീയത– 'അവൻ വളരാൻ ഞാൻ കുറയണം.'

മരുഭൂമിയിലെ ഊഷരതയിൽ, ഒട്ടകത്തൊലിയുടെ കാഠിന്യത്തിൽ വെട്ടുക്കിളിയും കാട്ടുതേനും മാത്രം ആഹരിച്ച സ്നാപകൻ മത്സരിച്ചത് തന്റെ ജീവിതനിയോഗം അനുവർത്തിക്കുന്നതിനുവേണ്ടി മാത്രമായിരുന്നു. താൻ വഴിയല്ല, വഴികാട്ടിയാണെന്നും. വെളിച്ചമല്ല വെളിച്ചത്തിന്റെ സാക്ഷ്യമാണെന്നും. ക്രിസ്തുവല്ല അവന്റെ മുന്നോടിയാണ് എന്ന് സ്നാപകൻ സ്വയം നിർവ്വചിക്കുന്നത് ഈയൊരു അവബോധത്തിൽ നിന്നുമാണ്. അതിനാലാണ് തന്റെ ശിഷ്യരുടെ ക്രിസ്തുവിനെക്കുറിച്ചുള്ള പരാമർശങ്ങൾക്കൊടുവിൽ സ്നാപകൻ ഇപ്രകാരം പറഞ്ഞുവയ്ക്കുന്നത്. "അവൻ വളരുകയും ഞാൻ കുറയുകയും വേണം."

ക്രിസ്തുവെന്ന ന്യൂക്ലിയസ്സിനു ചുറ്റും ജീവിതം ഭ്രമണം തുടങ്ങുമ്പോൾ താനേ സംഭവിക്കുന്ന രൂപാന്തരീകരണമാണിത്. അവൻ വളരുവാൻ വേണ്ടി ഞാൻ കുറയണമെന്ന അവബോധം. ഞാനല്ല ക്രിസ്തുവാണ് എന്നിലിനി ജീവിക്കുന്നത് എന്നു പറയുവോളം എന്നിലെ ഞാൻ കുറയണം. ഞാൻ കുറഞ്ഞ് എന്നിൽ ക്രിസ്തു വളരണം.

പ്രിയമുള്ളവരേ, ക്രിസ്തീയതയെന്നത് നിന്റെയുള്ളിൽ നീ കണ്ടെത്തേണ്ട സാധ്യതയാണ്. ഈശോയിൽ നിന്ന് ഈശോയിലേക്കുള്ള നിന്റെ ജീവിതത്തിന്റെ രൂപപ്പെടലാണ്. തിരിയായി എരിഞ്ഞ് അപരജീവിതത്തിൽ പ്രഭയായി തിരുവാനുള്ള മനസ്സിന്റെ ഉറച്ച തീരുമാനമാണ്. കുറഞ്ഞ് കുറഞ്ഞ് കുർബ്ബാന ആകാനുള്ള നിന്റെ പരിശ്രമമാണിത്. നീളം കൂട്ടാനാവാത്ത ഈ ജീവിതത്തിനു ആഴം കൂട്ടുന്നതിങ്ങനെയൊക്കെയാണ്.

ചാൾസ് എട്ടാമൻ ചക്രവർത്തി തന്റെ മരണസമയത്ത് അടുത്തിരുന്ന നഴ്സിനോട് വിളിച്ചു പറഞ്ഞതിപ്രകാരമാണ്. "എത്ര കൊലപാതകം, എത്ര രക്തച്ചൊരിച്ചിലുകൾ, എത്ര ദുഷ്ടാലോചനകൾ ഇവയാണ് ഞാൻ പിന്തുടർന്നത്. ഞാനാരാണെന്ന് എനിക്കറിയാം. എല്ലാം നഷ്ടപ്പെട്ടവൻ."

മുഴുവൻ തന്റെ കാൽക്കീഴിലാക്കുവാൻ തന്റെ കാലാൾപ്പടയുടെ കരുത്തിൽ നാട്ടുരാജ്യങ്ങൾ കീഴടക്കി മുന്നേറിയ അലക്സാണ്ടർ ചക്രവർത്തിയുടെ അഹന്തയവസാനിച്ചതെവിടെയാണ്? ശവമഞ്ചത്തിനു പുറത്ത് തന്റെ കരങ്ങൾ തുറന്നിടണമെന്ന് ശഠിക്കുമ്പോൾ, സർവ്വതും നഷ്ടപ്പെട്ടവനായി കടന്നുപോകുന്നുവെന്നതിന്റെ അടയാളപ്പെടുത്തലാണത്.

അവിടെയാണ് ക്രിസ്തു വ്യത്യസ്തനാകുന്നത്. വലിപ്പത്തിന്റെ സകല വ്യാകരണങ്ങളും തെറ്റിച്ചവനാണവൻ, അപരന്റെ തൊഴുത്തിൽ പിറന്നവൻ, അമരങ്ങളിൽ അന്തിയുറങ്ങിയവൻ, സർവ്വരുടെയും നന്മ മാത്രം കാംക്ഷിച്ചവൻ. അപരാധിയെപ്പോലെ കുരിശിൽ പിടഞ്ഞു മരിക്കുമ്പോൾ അവൻ പറഞ്ഞവസാനിപ്പിച്ചതിങ്ങനെ: "എല്ലാം പൂർത്തിയായിരിക്കുന്നു." അപ്പോൾ കരുത്തിലല്ല കാര്യം. കനിവിലാണ്. കുറഞ്ഞ് കുറഞ്ഞ് ആത്മദാനമായി നൽകുന്നതിലാണ് ജീവിതത്തിന്റെ ശ്രേഷ്ഠത. അതാണ് ജീവിതത്തിന്റെ ധനവും ധന്യതയും.

ക്രിസ്തുവിനെക്കുറിച്ച് പറഞ്ഞു നടക്കുവാനുള്ള ആവേശത്തേക്കാളുപരി ഈ കാലത്തിനാവശ്യം നമ്മുടെ ജീവിതം കണ്ട് ക്രിസ്തുവാരെന്ന് അനേകർ ചോദിക്കുവാനിടയാകുന്ന സാക്ഷ്യജീവിതത്തിന്റെ നന്മയാണ്. ഞാൻ വളരുകയും അവൻ കുറയുകയും ചെയ്യണമെന്ന രീതിയിൽ കാലത്തിന്റെ തീരുമാനങ്ങൾ ആഴപ്പെടുമ്പോൾ അവൻ വളരുകയും ഞാൻ കുറയുകയും വേണമെന്ന സുവിശേഷ സംസ്ക്കാരത്തിന്റെ സ്നേഹശാഠ്യം ഇനി നിന്നിലൂടെയുണ്ടാവണം. അപ്പോൾ സ്നാപകനെ നോക്കി ക്രിസ്തു പറഞ്ഞതുപോലെ നിന്നെയും നോക്കിക്കൊണ്ടവൻ പറയും. "സ്ത്രീകളിൽ നിന്ന് ജനിച്ചവൻ ഇവനാണ് വലിയവൻ, അല്ലെങ്കിൽ വലിയവൾ."

പ്രിയമുള്ളവരേ, കുറയുന്നതിന്റെ കൂദാശയാണ് കുർബ്ബാന. അപ്പമെടുത്ത് വാഴ്ത്തവെ അപ്പത്തോളം ക്രിസ്തു ചെറുതായി. ഒരു ചെറുകാറ്റിൽ പറക്കുവാൻ പോന്ന ഒരു തുണ്ട് ഗോതമ്പത്തോളം അവൻ കുറഞ്ഞു. നീ കുറയാതിരിക്കുവാൻ, കുറഞ്ഞ് കുർബ്ബാനയായവനാണ് ക്രിസ്തു. ജീവിതം വിരുന്നാക്കിയവൻ വിരുന്നായ ജീവിതത്തെ നിത്യജീവന്റെ വിരുന്നാക്കി മാറ്റി. എല്ലാം കൊടുത്തു തീർന്നപ്പോൾ, കൊടുത്തുതീരലിന്റെ രഹസ്യത്തെ ഒരു കൂദാശയാക്കി മാറ്റി.

അതിനാൽ, ക്രിസ്തുവിന്റെ പാത പിന്തുടരുന്നവരും അവനെപ്പോലെ കുറയുവാനും മുറിയുവാനും തയ്യാറാകണം. അപ്പം മുറിഞ്ഞാലെ അപരന് കൊടുക്കാൻ പറ്റൂ. നീ മറ്റുള്ളവർക്കുവേണ്ടി കുറയാൻ തയ്യാറായാൽ നീയും അവനും വളരും. അതിനാൽ പരസ്പരം വളർത്താൻ നമുക്ക് കുറയാം. ■